A

905

സമഗ്രശിക്ഷാ, കേരളം
ആത്യന്തിക വിലയിരുത്തൽ - II, 2025 – 2026

# സാമൂഹ്യശാസ്ത്രം

ക്ലാസ് : IX

സമയം : 2 ½ മണിക്കൂർ
ആകെ സ്കോർ : 80

## ഉത്തരസൂചിക

1. C) കപിലൻ

2. C) i, iii

3. B) അഞ്ച് വർഷമാണ് അംഗങ്ങളുടെ ഔദ്യോഗിക കാലാവധി

4. D) തൊഴിലില്ലായ്മ


5. C) a-ii , b- iii , c- iv, d- i

6. B) (A ) യും (R) ഉം ശരിയാണ്. (A) യുടെ ശരിയായ വിശദീകരണമല്ല (R)


7. C) ഒരു ചതുരശ്ര കിലോമീറ്റർ പ്രദേശത്തുള്ള ശരാശരി ജനസംഖ്യ

8. A) I മാത്രം ശരിയാണ്

9. (A)




(B)




Pramod Kumar # Republican VHSS, Konni

10. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാൻ കഴിയാത്ത അവസ്ഥയാണ് ദാരിദ്ര്യം. മനുഷ്യമൂലധനരൂപീകരണം നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളിയാണിത്. കുറഞ്ഞവരുമാനമാണ് മനുഷ്യനെ ദാരിദ്ര്യത്തിലേക്ക് തള്ളിവിടുന്നത്. കുറഞ്ഞവരുമാനം കാരണം മനുഷ്യന് വിദ്യാഭ്യാസം, ആരോഗ്യം തുടങ്ങിയ അടിസ്ഥാന ആവശ്യങ്ങൾപോലും നിറവേറ്റാൻ കഴിയാതെ വരികയും, അത് കൂടുതൽ ദാരിദ്ര്യത്തിലേക്ക് കൊണ്ടെത്തിക്കുകയും ചെയ്യുന്നു. ദാരിദ്ര്യത്തിന്റെ കാരണങ്ങളും അനന്തരഫലങ്ങളും ഒരു വലയത്തിൽ എന്നപോലെ പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. ഇതു ഭേദിച്ചാൽ മാത്രമേ മാനവവിഭവശേഷി മെച്ചപ്പെടുത്തി മനുഷ്യമൂലധനരൂപീകരണം സാധ്യമാവുകയുള്ളു.

11. പാർലമെന്റിലെ ഉപരിസഭയാണ് രാജ്യസഭ. രാജ്യസഭ ഒരു സ്ഥിരം സഭയാണ്. സഭാംഗങ്ങളുടെ കാലാവധി ആറുവർഷമാണ്. രാജ്യസഭയിലെ മൂന്നിലൊന്ന് അംഗങ്ങൾ ഓരോ രണ്ടുവർഷം കൂടുമ്പോഴും വിരമിക്കുകയും ആ ഒഴിവുകളിലേക്ക് തിരഞ്ഞെടുപ്പ് നടക്കുകയും ചെയ്യുന്നു. ഉപരാഷ്ട്രപതിയാണ് രാജ്യസഭയുടെ അധ്യക്ഷൻ. രാജ്യസഭയുടെ പരമാവധി അംഗബലം 250 ആണ്. ഇതിൽ 238 പേരെ തിരഞ്ഞെടുക്കുകയും 12 പേരെ രാഷ്ട്രപതി നാമനിർദേശം ചെയ്യുകയും ചെയ്യുന്നു. ജനസംഖ്യാനുപാതികമായി സംസ്ഥാനങ്ങൾക്ക് പ്രാതിനിധ്യം നൽകിയിരിക്കുന്ന സഭയാണിത്. മുപ്പതുവയസ് പൂർത്തിയായ ഇന്ത്യൻ പൗരർക്ക് രാജ്യസഭയിലേക്ക് മത്സരിക്കാൻ യോഗ്യതയുണ്ട്.

12. ഡക്കാൻ പീഠഭൂമിയുടെ വടക്കുപടിഞ്ഞാറുഭാഗം ബസാൾട്ട് എന്ന ലാവാ ശിലകളാൽ നിർമ്മിതമാണ്. ഈ മേഖലയെ ഡക്കാൻ ട്രാപ്പ് എന്നുവിളിക്കുന്നു. ബസാൾട്ട് ശിലയ്ക്ക് അപക്ഷയം സംഭവിച്ച് രൂപംകൊള്ളുന്ന കറുത്ത മണ്ണാണ് ഈ മേഖലയുടെ സവിശേഷത. റിഗർമണ്ണ് എന്നറിയപ്പെടുന്ന ഫലപുഷ്ടിയും ജല സംഭരണശേഷിയുമുള്ള ഈ മണ്ണ് വേനലിലും കാർഷികവിളകൾക്ക് സംരക്ഷണമേകുന്നു. പരുത്തികൃഷിക്ക് ഏറെ പ്രയോജനപ്രദമായതിനാൽ ഈ മണ്ണിന് കറുത്ത പരുത്തിമണ്ണ് എന്നും പേരുണ്ട്. ചുണ്ണാമ്പ്, ഇരുമ്പ്, മഗ്നീഷ്യം, അലൂമിനിയം തുടങ്ങിയ ധാതുലവണങ്ങൾ റിഗർമണ്ണിന്റെ പ്രത്യേകതയാണ്.

13. ദൃഢമായ ഭേദഗതി
ചില പ്രധാനപ്പെട്ട വകുപ്പുകളിൽ ഭേദഗതി വരുത്തുവാൻ പാർലമെന്റിന്റെ ഇരു സഭകളുടെയും പ്രത്യേക ഭൂരിപക്ഷം ആവശ്യമാണ്. മൗലികാവകാശങ്ങൾ, മാർഗനിർദേശകതത്വങ്ങൾ എന്നിവ ഉദാഹരണങ്ങളാണ്.

14. ഭാരതത്തിൽ 2006 ഒക്ടോബർ 20 നാണ് ഗാർഹികപീഡന നിരോധന നിയമം പ്രാബല്യത്തിൽ വന്നത്. ജീവിതപങ്കാളിയിൽനിന്നോ, ബന്ധുക്കളിൽനിന്നോ സ്ത്രീകൾക്ക് നേരിടേണ്ടിവരുന്ന പീഡനങ്ങളിൽനിന്ന് സംരക്ഷണം നൽകുന്നതാണ് ഈ നിയമം. സ്ത്രീത്വത്തെ അപമാനിക്കുന്നതും അപകടപ്പെടുത്തുന്നതുമായ എല്ലാ അതിക്രമങ്ങളും ഗാർഹികപീഡനത്തിന്റെ വിശാല നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗാർഹിക പീഡനത്തിന് ഇരയാകുന്ന സ്ത്രീകൾക്ക് സംരക്ഷണവും താമസവും സാമ്പത്തിക സമാശ്വാസ നടപടികളും ഈ നിയമം ഉറപ്പുവരുത്തുന്നു.

15. ആഭ്യന്തരകുടിയേറ്റം

രാജ്യാതിർത്തിക്കുള്ളിലുള്ള കുടിയേറ്റങ്ങളെ ആഭ്യന്തരകുടിയേറ്റങ്ങൾ എന്നുപറയുന്നു. കേരളത്തിലെ ജനങ്ങൾ തൊഴിൽതേടി മറ്റ് സംസ്ഥാനങ്ങളിലേക്ക് പോകുന്നതും, ഇതര സംസ്ഥാനങ്ങളിൽനിന്ന് ജനങ്ങൾ കേരളത്തിലേക്ക് വരുന്നതും ആഭ്യന്തര കുടിയേറ്റത്തിന് ഉദാഹരണമാണ്.

16. * മറ്റ് മതവിശ്വാസികളോട് സഹിഷ്ണുത കാണിക്കുക.
* മുതിർന്നവരെയും ഗുരുക്കന്മാരെയും ബഹുമാനിക്കുക.
* അടിമകളോടും രോഗികളോടും ദയകാണിക്കുക.

17. ഉത്തരേന്ത്യൻ സമതലങ്ങളിലാണ് കൂടുതൽ കരിമ്പുകൃഷി ഉള്ളതെങ്കിലും കരിമ്പുകൃഷിക്ക് ഏറ്റവും അനുകൂലമായ കാലാവസ്ഥയുള്ളത് ഡക്കാൻപീഠഭൂമി പ്രദേശമാണ്. ഡക്കാൻ പീഠഭൂമിയിലെ കറുത്ത ലാവാമണ്ണ്, ഉഷ്ണമേഖലാകാലാവസ്ഥയും വിളവെടുപ്പുകാലവും, ഉഷ്ണമേഖലയിൽ വിളയുന്ന കരിമ്പിലെ താരതമ്യേന ഉയർന്ന അളവിലുള്ള സൂക്രോസ് അംശം എന്നീ അനുകൂലഘടകങ്ങളാണ് ഇതിന്റെ കാരണം.

18. അസംഘടിത തൊഴിലാളികളുടെ സാമൂഹിക സുരക്ഷാ നിയമം - 2008

അസംഘടിത തൊഴിലാളികളുടെ ആരോഗ്യസംരക്ഷണം, പ്രസവാനുകൂല്യങ്ങൾ, വാർധക്യകാല സംരക്ഷണം, വിദ്യാഭ്യാസം, പാർപ്പിടം, വിവിധ സാമൂഹിക സുരക്ഷ ആനുകൂല്യങ്ങൾ എന്നിവ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ രൂപീകരിക്കുന്നതിന് കേന്ദ്ര - സംസ്ഥാന സർക്കാരുകൾക്ക് ഈ നിയമം അധികാരം നൽകുന്നു.

Pramod Kumar # Republican VHSS, Konni

19. * കൃഷിക്കുപയോഗിക്കപ്പെടാതെ കിടന്ന പ്രദേശങ്ങൾപോലും കൃഷിക്കുപയുക്തമാക്കി.

* പുതിയ സാമൂഹികവ്യവസ്ഥിതി കൃഷിക്കാവശ്യമായ തൊഴിൽശക്തി പ്രദാനം ചെയ്തു.

* കൃഷിയുടെ സാങ്കേതികവിദ്യയെയും കാലാവസ്ഥയെയും സംബന്ധിച്ച് ബ്രാഹ്മണർക്ക് ഉണ്ടായിരുന്ന അറിവ്.

* വിവിധതരത്തിലുള്ള ജലസേചനമാർഗങ്ങൾ.

20. * രാജ്യത്തിന്റെ സാമ്പത്തികവളർച്ച മനസ്സിലാക്കുന്നതിന്.

* വിവിധ മേഖലകളുടെ സംഭാവന വിലയിരുത്തുന്നതിന്.

* പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനും നടപ്പിലാക്കുന്നതിനും സർക്കാരിനെ സഹായിക്കുന്നതിന്.

* രാജ്യങ്ങളുടെ സാമ്പത്തികസ്ഥിതി താരതമ്യം ചെയ്യുന്നതിന്.

* രാജ്യത്തെ ജനങ്ങളുടെ വിവിധതരത്തിലുള്ള നിക്ഷേപങ്ങളും ചെലവുകളും മനസ്സിലാക്കുന്നതിന്.

* സമ്പദ് വ്യവസ്ഥയുടെ ശക്തിയും ബലഹീനതയും മനസ്സിലാക്കുന്നതിന്.

21. * ആരോഗ്യമേഖലയിലും ജീവിതഗുണനിലവാരത്തിലും ദൂരവ്യാപകമായ പ്രതിസന്ധി സൃഷ്ടിക്കുന്നു.

* വർധിച്ചുവരുന്ന ദാരിദ്ര്യത്തിനും പോഷകാഹാരക്കുറവിനും കാരണമാകുന്നു.

* കുടിയേറ്റത്തിന് കാരണമാകുന്നു.

* തൊഴിലില്ലായ്മയിലേക്ക് നയിക്കുന്നു.

* പാരിസ്ഥിതിക പ്രശ്നങ്ങൾക്ക് കാരണമാകുന്നു.

* ചേരികളുടെ രൂപപ്പെടൽ.

* വിഭവങ്ങളുടെ ലഭ്യതക്കുറവ്.

22. സിവാലിക് പർവതനിരയ്ക്ക് സമാന്തരമായി അതിന്റെ തെക്കുഭാഗത്ത് കാണുന്ന ഭാഗമാണ് ഭാബർ. സിവാലിക് മലയടിവാരത്തിന് സമാന്തരമായി ചരിവ് അവസാനിക്കുന്നിടത്തുനിന്നും ഏകദേശം 8 കിലോമീറ്റർ മുതൽ 10 കിലോമീറ്റർവരെ വിസ്തൃതിയുള്ള ഇടുങ്ങിയ ഭൂഭാഗമാണിത്. പർവതഭാഗത്തുനിന്നും വരുന്ന നദികൾ കൊണ്ടുവരുന്ന ഉരുളൻ കല്ലുകളും പാറകളും നിക്ഷേപിക്കപ്പെട്ടാണ് ഈ സമതലഭാഗം രൂപപ്പെട്ടിട്ടുള്ളത്. ഈ ഉരുളൻ കല്ലുകളുടെയും പാറകളുടെയും അടിയിലൂടെ നദികൾ ഒഴുകുന്നതിനാൽ നദികൾ ഈ ഭാഗങ്ങളിൽ ദൃശ്യമാകുന്നില്ല.

23. (A) തൊഴിൽ ചെയ്യാൻ സന്നദ്ധയായിട്ടും തൊഴിലില്ലാത്ത അവസ്ഥ.

(B) ഘടനാപരമായ തൊഴിലില്ലായ്മ.

(C) ഉല്പാദന പ്രവർത്തനത്തിൽ ആവശ്യത്തിലധികം തൊഴിലാളികൾ പങ്കെടുക്കുന്ന അവസ്ഥ.

24. * ജനസംഖ്യാവർധനവ്

* മനുഷ്യാധിവാസകേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർധന

* സങ്കീർണ്ണമായ സാമൂഹികസംഘാടനം

* ഭക്ഷ്യോൽപന്നങ്ങളുടെ ലഭ്യതക്കുറവ്

* സാങ്കേതികവിദ്യയിൽ വന്ന മാറ്റം

25. ഉയരം, ഭൂപ്രകൃതി, മണ്ണിനം, കാലാവസ്ഥ തുടങ്ങിയ ഘടകങ്ങളിലെ വ്യത്യാസം ഹിമാലയൻ നിരകളിലെ സസ്യജാലങ്ങളിൽ പ്രാദേശിക വ്യത്യാസങ്ങൾ സൃഷ്ടിക്കുന്നു. കിഴക്കൻ ഹിമാലയത്തിലും വടക്കുകിഴക്കൻ കുന്നുകളിലും ശരാശരി വാർഷികമഴ 200 സെന്റിമീറ്ററിന് മുകളിലായി ലഭിക്കുന്നതിനാൽ ഉഷ്ണമേഖലാ നിത്യഹരിതവനങ്ങൾ കൂടുതലായി

കാണപ്പെടുന്നു. ഉയരം കൂടുന്നതിനനുസരിച്ച് ഊഷ്മാവ് കുറയുന്നതിനാൽ ഹിമാലയ പർവതപ്രദേശങ്ങളിലെ നൈസർഗിക സസ്യജാലങ്ങളിലും അനുസൃതമായ മാറ്റം ദൃശ്യമാണ്. ഉയരത്തിനനുസരിച്ച് നിത്യഹരിതവനങ്ങൾ മുതൽ ശൈത്യമേഖല സസ്യജാലങ്ങളായ തുന്ദ്ര വരെയുള്ള സസ്യജാലങ്ങളുടെ തുടർച്ച ഇവിടെ കാണാം. താഴ്വരകളിലും ഉയരംകുറഞ്ഞ പർവതച്ചരിവുകളിലും അർധനിത്യഹരിതവനങ്ങളും ഇലപൊഴിയും വനങ്ങളും കാണപ്പെടുന്നു. 1000 മുതൽ 2000 മീറ്റർ വരെ ഉയരത്തിൽ ആർദ്രമിതോഷ്ണവനങ്ങൾ കാണാം. പൈൻ, ദേവദാരു തുടങ്ങിയ സ്തൂപികാഗ്രവൃക്ഷങ്ങൾ പർവതച്ചരിവുകളിൽ കൂടുതലായി വളരുന്നു. പ്രദേശത്തിന്റെ ഉയരം കൂടുന്നതിനനുസരിച്ച് ഉയരംകുറഞ്ഞ സസ്യങ്ങളായ ജൂനിപെർ, റോഡോഡെൻഡ്രോൺ എന്നിവയും, ഏറ്റവും ഉയർന്ന പ്രദേശങ്ങളിൽ ആൽപൈൻ പുൽമേടുകളും കാണാം.

26. (A) * ഉയർന്ന സാക്ഷരതാനിരക്കും ഉന്നതവിദ്യാഭ്യാസവും.

* വികേന്ദ്രീകൃത പൊതുജനാരോഗ്യനയം.

* ശുചിത്വം.

* ഭക്ഷ്യലഭ്യതയും പൊതുവിതരണവും.

(B) സജീവപ്രായത്തിലുള്ളവരിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം തൊഴിലെടുക്കാത്തവരുടെ എണ്ണത്തെക്കാൾ കൂടുതലാകുന്നു. ഇതിനെ ജനസംഖ്യാലാഭവിഹിതം അല്ലെങ്കിൽ ജനസം ഖ്യാപരമായ നേട്ടം എന്നു പറയുന്നു. ജോലിയെടുക്കുന്നവർ ക്രമേണ ജോലിയെടുക്കാൻ പ്രാപ്തിയല്ലാത്തവരായി മാറുന്നതിനാൽ ഇത് സ്ഥായിയായി നിൽക്കുന്നില്ല.

രാജ്യത്തിന്റെ സാമൂഹിക - സാമ്പത്തിക പുരോഗതി വർധിക്കുന്നു, രാജ്യത്തിന്റെ ഉൽപാദനക്ഷമത വർധിക്കുന്നു, രാജ്യത്തിന് ഉയർന്ന മനുഷ്യവിഭവശേഷി ലഭിക്കുന്നു എന്നിവയാണ് ജനസംഖ്യാലാഭവിഹിതത്തിന്റെ നേട്ടങ്ങൾ.


27. (A) i – 33 %

ii - കാർഷിക മേഖല- 17 % , വ്യവസായമേഖല- 28 % , സേവനമേഖല- 55 %

(B) i – 10.11 %

ii – കാർഷിക മേഖല- 8.98 % , വ്യവസായമേഖല- 28.4 % , സേവനമേഖല- 62.62 %

28.




29. (A)

* മനുഷ്യാവകാശലംഘനം സംബന്ധിച്ച പരാതികളിൽ അന്വേഷണം നടത്തുക.

* മനുഷ്യാവകാശലംഘനം സംബന്ധിച്ച കോടതി നടപടികളിൽ കക്ഷിചേരുക.

* ജയിലുകൾ, പുനരധിവാസകേന്ദ്രങ്ങൾ മുതലായവ സന്ദർശിച്ച് പരിഷ്കരണ നിർദേശങ്ങൾ സമർപ്പിക്കുക.

* മനുഷ്യാവകാശ പരിരക്ഷാസംവിധാനങ്ങളുടെ നിർവഹണവും ഫലപ്രാപ്തിയും വിലയിരുത്തി നിർദേശങ്ങൾ നൽകുക.

* മനുഷ്യാവകാശത്തെ സംബന്ധിച്ച അന്തർദേശീയ കരാറുകൾ, പ്രഖ്യാപനങ്ങൾ തുടങ്ങിയവ വിശകലനംചെയ്ത് നടപടികൾ സ്വീകരിക്കുക.

* നിയമപാലകർ ഉൾപ്പെടെയുള്ള പൊതുസേവകരുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്ന മനുഷ്യാവകാശ ലംഘനങ്ങളും, ഇവ തടയുന്നതിൽ വരുത്തുന്ന വീഴ്ചകളും പരിശോധിച്ച് നടപടികൾ സ്വീകരിക്കുക.

(B) * സ്ത്രീ സുരക്ഷയ്ക്കായുള്ള ഭരണഘടനാ വ്യവസ്ഥകളും നിയമങ്ങളും പരിശോധിക്കുന്ന ചുമതല.

* സ്ത്രീകൾ നേരിടുന്ന അസമത്വങ്ങളും വിവേചനങ്ങളും ഇല്ലാതാക്കുന്നതിനുള്ള നിർദേശങ്ങൾ നൽകുന്ന ചുമതല.

* സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള നിയമനിർമ്മാണങ്ങൾക്ക് നിർദേശങ്ങൾ സമർപ്പിക്കുന്ന ചുമതല.

* സ്ത്രീകൾ നേരിടുന്ന വിവിധപ്രശ്നങ്ങളിൽ ഇടപെടുകയും, പ്രശ്നപരിഹാരങ്ങൾ നിർദേശിക്കുകയും ചെയ്യുന്ന ചുമതല.

* ലിംഗനീതി ഉറപ്പുവരുത്തുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ചുമതല.

* സ്ത്രീകളെ ബാധിക്കുന്ന വിഷയങ്ങളിലെ നയരൂപീകരണത്തിൽ സർക്കാരുകൾക്ക് ഉപദേശം നൽകുന്ന ചുമതല.

30. (A) സി.ഇ. ആറാം നൂറ്റാണ്ടോടെ ഭൂമിദാനം ചെയ്യുന്ന രീതി ദക്ഷിണേന്ത്യയിലേക്ക് വ്യാപിച്ചു. ഇതിനുകാരണം ഉത്തരേന്ത്യയിൽനിന്നും ദക്ഷിണേന്ത്യയിലേക്കുള്ള ബ്രാഹ്മണരുടെ കുടിയേറ്റമാണ്. പല്ലവരും

പാണ്ഡ്യരുമായിരുന്നു ഇക്കാലത്ത് ദക്ഷിണേന്ത്യയിലെ പ്രധാന രാജവംശങ്ങൾ. അവർ ബ്രാഹ്മണർക്കും ക്ഷേത്രങ്ങൾക്കും ഭൂമി ദാനംചെയ്തു. ഇതിന്റെ ഫലമായി ദക്ഷിണേന്ത്യയിലെ സമൂഹത്തിലും സമ്പദ്വ്യവസ്ഥയിലും ബ്രാഹ്മണർക്ക് ഉയർന്നസ്ഥാനം ലഭിച്ചു. ബ്രാഹ്മണർക്ക് ഭൂമിദാനം ചെയ്തത് ഈ പ്രദേശങ്ങളിൽ കൃഷി വികസിക്കുന്നതിന് കാരണമായി. ബ്രാഹ്മണർക്ക് കൃഷിയുടെ സാങ്കേതികവിദ്യയെക്കുറിച്ചും കാലാവസ്ഥയെക്കുറിച്ചുമുണ്ടായിരുന്ന അറിവ് കൃഷിയുടെ വ്യാപനത്തിന് സഹായകമായി. രാജാക്കന്മാരും ഗ്രാമഭരണകൂടങ്ങളും ജലസംഭരണികൾ നിർമ്മിച്ചും ജലസേചനസംവിധാനം ഒരുക്കിയും കൃഷിയെ പ്രോത്സാഹിപ്പിച്ചു. ബ്രാഹ്മണരുടെ നിയന്ത്രണത്തിലായിരുന്ന ക്ഷേത്രങ്ങളുടെ ഇടപെടലിന്റെ ഫലമായി പല്ലവരാജ്യത്ത് കാർഷികപുരോഗതിയുണ്ടായി. കൃഷിയിലെ ഉൽപാദനമിച്ചം വ്യാപാരത്തിന്റെ പുരോഗതിക്ക് കാരണമായി. ആഭ്യന്തര വ്യാപാരത്തിനൊടൊപ്പം സമുദ്രവ്യാപാരവും വളർന്നു. മഹാബലിപുരം പല്ലവരുടെ തിരക്കേറിയ തുറമുഖമായിരുന്നു. നാഗപട്ടണമായിരുന്നു മറ്റൊരു തുറമുഖം.

(B) ക്ഷേത്രനിർമ്മാണം ഇന്ത്യയിൽ പുരാതനകാലംതൊട്ടേ നിലനിന്നിരുന്നു. ക്ഷേത്രവാസ്തുശില്പകല മൂന്നു തരത്തിലായിരുന്നു. നഗര, വാസര ശൈലികൾ പൊതുവേ ഉത്തരേന്ത്യയിലും ദ്രാവിഡ ശൈലി ദക്ഷിണേന്ത്യയിലും നിലനിന്നു. ഭീമാകാരമായ മണ്ഡപങ്ങൾ ദ്രാവിഡ വാസ്തുശില്പകലയുടെ പ്രധാന സവിശേഷതയാണ്. പല്ലവരാണ് ദ്രാവിഡ വാസ്തുശില്പകലാ വൈദഗ്ധ്യം ആദ്യം തെളിയിച്ചത്. മഹാബലിപുരത്തെ ക്ഷേത്രങ്ങൾ അവരുടെ വാസ്തുശില്പകലാ വൈദഗ്ധ്യത്തിന്റെ ഉത്തമോദാഹരണങ്ങളാണ്. എന്നാൽ ദ്രാവിഡശൈലിയിൽ ഏറ്റവുമധികം ക്ഷേത്രങ്ങൾ നിർമ്മിച്ചത് ചോളന്മാരാണ്. തമിഴ്നാടിന്റെ വിവിധ ഭാഗങ്ങളിൽ അക്കാലത്ത് നിർമ്മിക്കപ്പെട്ട ക്ഷേത്രങ്ങൾ ഇന്നും നിലകൊള്ളുന്നു. മധുര മീനാക്ഷി ക്ഷേത്രം, ശ്രീരംഗം ക്ഷേത്രം തുടങ്ങിയവ പാണ്ഡ്യരുടെ കാലത്തെ പ്രശസ്തമായ നിർമ്മിതികളാണ്. ദ്രാവിഡ വാസ്തുശില്പകലയിൽ തീർത്ത ക്ഷേത്രങ്ങൾക്ക് പ്രധാനമായും ശ്രീകോവിൽ (ഗർഭഗൃഹം), വിമാനം (ക്ഷേത്രത്തിന്റെ മുകൾഭാഗം), ശിഖരം (വിമാനത്തിന്റെ മുകളറ്റം), മണ്ഡപം, പ്രദക്ഷിണപഥം, എന്നിവയുണ്ടാവും. ഭീമാകാരങ്ങളായ പ്രവേശനകവാടങ്ങൾ, ഉയർന്ന ഗോപുരങ്ങൾ, അലങ്കാരമായി കൊത്തിവച്ച ആനകൾ, കുതിരകൾ, വ്യാളീമുഖങ്ങൾ എന്നിവ ദ്രാവിഡശൈലിയുടെ സവിശേഷതകളാണ്. ഈ ക്ഷേത്രങ്ങളുടെ ചുമരുകളിൽ അസാമാന്യ വൈദഗ്ധ്യത്തോടെ ഇതിഹാസ പുരാണങ്ങളിലെ കഥകളും കഥാപാത്രങ്ങളും അതിസൂക്ഷ്മമായി കൊത്തിവച്ചിട്ടുണ്ട്.

31. (A)
ഭൂമിശാസ്ത്രപരമായി ഭൂമിയെ രണ്ട് പ്രധാന വിഭാഗങ്ങളായി തരംതിരിക്കാം. മരുസ്ഥലി, രാജസ്ഥാൻ ബാഗർ എന്നവയാണ് അവ.
ഗ്രാനൈറ്റ്, നയിസ്, ഷിസ്റ്റ് തുടങ്ങിയവയാൽ നിർമിതമായ തടശിലകൾ അങ്ങിങ്ങായി ഉയർന്ന് നിൽക്കുന്ന അതിവിശാലമായ മണൽപരപ്പുകളാണ് മരുസ്ഥലി. ഇവിടുത്തെ അടിസ്ഥാനശിലകൾ ഉപദ്വീപിയപീഠഭൂമിയുടെ വടക്കുപടിഞ്ഞാറൻ തുടർച്ചയായി കണക്കാക്കുന്നു. ഈ പ്രദേശത്തിന്റെ ശരാശരി ഉയരം സമുദ്രനിരപ്പിൽനിന്നും 200 മീറ്റർ മുതൽ 250 മീറ്റർ വരെയാണ്. പൊതുവെ മരുസ്ഥലിയുടെ കിഴക്കുഭാഗം പാറക്കെട്ടുകൾ നിറഞ്ഞതാണ്. എന്നാൽ നിരന്തരം സ്ഥാനമാറ്റം സംഭവിക്കുന്ന മണൽക്കൂനകൾ പടിഞ്ഞാറുഭാഗത്തെ സവിശേഷതയാണ്. ഇത്തരം മണൽക്കൂനകൾ പ്രാദേശികമായി ധ്രിയാൻ എന്നറിയപ്പെട്ടു.
അരാവലി പർവതനിരവരെ വ്യാപിച്ചിരിക്കുന്ന ഥാർ മരുഭൂമിയുടെ കിഴക്കൻഭാഗം ഒരു അർധവരണ്ട സമതലമാണ്. ഈ പ്രദേശമാണ് രാജസ്ഥാൻ ബാഗർ. ഹ്രസ്വകാല നീരൊഴുക്കുള്ള നിരവധി അരുവികൾ അരാവലി പർവതനിരയിൽനിന്നും ഉദ്ഭവിച്ച് ഈ പ്രദേശങ്ങളിലൂടെ ഒഴുകുന്നു. ഇത് രോഹി എന്നറിയപ്പെടുന്ന ഇവിടത്തെ ഫലഭൂയിഷ്ഠമായ തുരുത്തുകളിൽ കൃഷി സാധ്യമാക്കുന്നു. ഗുജറാത്തിലെ റാൻ ഓഫ് കച്ച് മേഖലയിലേക്ക് ഒഴുകുന്ന ഇവിടത്തെ പ്രധാന നദിയായ ലൂണി പോലും കാലികമായി മാത്രം നീരൊഴുക്കുള്ള നദിയാണ്. ലൂണി നദിയുടെ വടക്കുള്ള മണൽപരപ്പ് താലി എന്നറിയപ്പെടുന്നു.

(B) ഇന്ത്യയിൽ മുഖ്യമായും മഴ കൊണ്ടുവരുന്നത് തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകളാണ്. പടിഞ്ഞാറൻ തീരസമതലത്തിലൂടെ ഗുജറാത്തിൽ പ്രവേശിക്കുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺ കാറ്റുകളുടെ അറബിക്കടൽശാഖ അരാവലി പർവതനിരകൾക്ക് സമാന്തരമായി കടന്നുപോകുന്നതിനാൽ രാജസ്ഥാൻ ഉൾപ്രദേശങ്ങളിൽ പ്രവേശിക്കുന്നില്ല. അതിനാൽ ഈ മഴക്കാറ്റുകളിൽനിന്നും ഇന്ത്യയുടെ വടക്കുപടിഞ്ഞാറൻ മേഖലയിൽ പ്രത്യേകിച്ചും രാജസ്ഥാന്റെ പടിഞ്ഞാറൻ മേഖലയിൽ മഴ ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്. ഹിമാലയപർവതത്തിന് സമാന്തരമായി കിഴക്കുനിന്നും പടിഞ്ഞാറോട്ട് സഞ്ചരിക്കുന്ന തെക്കുപടിഞ്ഞാറൻ മൺസൂൺകാറ്റിന്റെ ബംഗാൾ ഉൾക്കടൽ ശാഖയെ ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് അരാവലി പർവതനിരകൾ തടഞ്ഞ്

നിർത്തുന്നു. അതിനാൽ ബംഗാൾ ഉൾക്കടൽ ശാഖയിൽനിന്നും ഥാർ മരുഭൂമി ഉൾപ്പെടുന്ന പ്രദേശങ്ങളിൽ മഴ ലഭിക്കുന്നില്ല. അതുപോലെ ഈ പ്രദേശങ്ങളിലെ ഉയർന്ന ബാഷ്പീകരണത്തോതും, വരണ്ട കാറ്റും മഴ പെയ്യാനുള്ള സാധ്യത കുറയ്ക്കുന്നു. ദശലക്ഷക്കണക്കിന് വർഷങ്ങളോളം ഇതേ അന്തരീക്ഷസ്ഥിതി തുടരുന്ന ഏതൊരു ഭൂപ്രദേശവും ഒരു ഊഷര മണലാരണ്യമായി മാറും. ഇതെല്ലാമാണ് ഥാർ മരുഭൂമിയുടെ രൂപീകരണത്തിന് കാരണമായ സാഹചര്യങ്ങൾ.

---




Prepared by:

PRAMOD KUMAR.T
HST Social Science
Republican VHSS, Konni
Pathanamthitta
Mobile : 9447090288
9400790288